

# ഓളം

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, വെട്ടത്തൂർ

2020

# മികവിന്റെ വഴിയേ.....



വരാനുള്ളത് വേനലാണെന്നറിഞ്ഞിട്ടും
പുതിയൊരോളം തേടിയുള്ള യാത്രയിലാണ് പുഴ
പുഴയെ ജീവിതത്തോടുപമിച്ചു കവികൾ....
പുഴ പുഴമാത്രമാണെന്ന് തിരുത്തി തുടങ്ങിയപ്പോൾ
ആധുനികാനന്തരതയിൽ ഒരു തിരയിളക്കമുണ്ടായി
കാഴ്ചയിലൊരോളമാവാൻ കാറ്റിനുമാവും പൂക്കാലമെങ്കിൽ
ഇന്ദ്രിയങ്ങളിലൊരോളമാവാൻ മഴയ്ക്കുമാവും-
വേനലിൽ പെയ്യുമ്പോൾ
തളിരിടും കാലമെങ്കിൽ മരത്തിനുമൊരോളമുണ്ട്....
വെട്ടിക്കീറുന്നവന്റെ, കൊത്തിയിളക്കുന്നവന്റെ
വിയർപ്പിൻമണമേറ്റുണരുന്ന മണ്ണിനൊരോളമുണ്ട്....
ഒരോളമുണ്ടാക്കി പിരിഞ്ഞുപോയവരെ
ചരിത്രത്തിലൂടെ തിരിച്ചുപിടിക്കാൻ
ഒരോളമുണ്ടാക്കാൻ വാക്കുകൾ തേടുന്നവരേയും
മഷിയന്വേഷിക്കുന്നവരേയും കൗതുകത്തിന്റെ
പീലിക്കണ്ണാലുഴിഞ്ഞ് തുറന്ന മനസ്സിലേക്കാനയിക്കാം..

-ചീഫ് എഡിറ്റർ.





# യാത്ര

യമുന. കെ

(പുരുഷകരങ്ങൾക്കുള്ളിൽ പിച്ചിച്ചീന്തപ്പെട്ട്
നിസ്സഹായതയുടെ നിശബ്ദ താഴ്‌വരയിലേ
ക്ക് മാഞ്ഞുപോയ പെൺജീവിതങ്ങൾക്ക്
ഞാനെന്റെ കവിത സമർപ്പിക്കുന്നു.)

മകളേ നിനക്കായ് ഒരിറ്റു കണ്ണീർ
ഞാൻ പൊഴിക്കവെ,
അലയുന്നു ലോകം നിൻ നീതി-
ക്കുവേണ്ടി,
മകളേ യാത്ര ചോദിക്കുന്നുവോ,
നീ ധരിത്രിയോട്
മകളേ യാത്ര ചോദിക്കുന്നുവോ
നീ നിൻ അമ്മയോട്..
മകളേ, പെറ്റുനോവിനെ
വെല്ലുന്നു നിൻ യാത്ര
മകളേ നിനക്കായ് ഒരിറ്റു
കണ്ണീർ ഞാൻ പൊഴിക്കട്ടെ,
മകളേ പൈശാചികമീ-
ലോകത്തിൽ നിന്നും നിനക്കു വിട ഞാൻ ചൊൽവൂ
ക്ലേശിക്കുന്നുണ്ടു ഞാൻ
നിസ്സഹായതയുടെ നിശബ്ദമീ നിൻ രോദനം
ചുട്ടെരിക്കും പെൺ ജീവിതങ്ങളെ,
നിങ്ങൾക്കെൻ മാപ്പ്
മകളേ നിനക്കായ് ഒരിറ്റു കണ്ണീർ ഞാൻ
പൊഴിക്കട്ടെ,

---

വിഷ്ണുപ്രിയ

# മഴനീർ കുളിർ

നിൻ സ്വരമെത്ര മധുരം...
കാതിൽ ചെറുകുളിരായ് നീ പൊഴിയവേ..
കണ്ണിൽ നീ നിറമേകി
നെഞ്ചിൽ നീ കുളിരേകി
എന്നിൽ പുതുമഴയായ് നീ പൊഴിയവേ...
നിൻ മൊഴിയിൽ നിറയും സ്നേഹം
എൻ അമ്മയാം ഭൂമിക്കല്ലേ...
നിൻ കനവിൽ തെളിയും ചിത്രം
നന്മയാം ഭൂമിയല്ലേ...
നിൻ വരവിൽ കുളിരണിയാൻ
പുൽനാമ്പും കൊതിക്കയല്ലേ..
നീ വന്നാൽ സ്നേഹഭൂമി
പച്ചപ്പുടുവ ചാർത്തീടുകില്ലേ
ഭൂമിയിൽ പെയ്തിറങ്ങും ദേവതയേ
എന്നിലിഷ്ടം നിറച്ചതും നീയേ...
എന്റെ മിഴിനീർ തുടച്ചതും നീയേ..
നെഞ്ചിൽ കത്തിയെരിയുന്ന നോവിലും
എന്നിൽ സാന്ത്വനമേകിയതും നീയേ...



മുബഷിറ എ.ടി.

# ബല്ലാത്ത ജാതി ബല്ല്യടങ്ങേറ്.....

ഒരു നിമിഷം നിങ്ങൾ ചിന്തിച്ചു കാണും ഇത് എന്ത് ഇനം ബല്ല്യടങ്ങേറാണെന്ന്. ഈ മഹാസംഭവം അരങ്ങേറുന്നത് മലപ്പുറത്തെ ഒരു മുസ്‌ലിം കുടുംബത്തിലാണ്.

'മോളെ ഞാൻ നബീസാന്റെ പെര വരെ ഒന്നു പോയിവരാം.'

ഒരു വീട്ടിൽ നിന്നും കേൾക്കുന്ന കാര്യം എരിവും പുളിയും മസാലയുമൊക്കെ ചേർത്ത് സ്വാദുള്ള പരദൂഷണ വിഭവമാക്കി നാട്ടു കാർക്കിടയിൽ പറഞ്ഞ് രസിച്ച് സന്തോഷം കണ്ടെത്തുന്ന സ്ഥലത്തെ പ്രധാന ഏഷണിക്കാരി 'പാത്തു'വിന്റെ ശബ്ദമായിരുന്നു അത്.

ആ നാട്ടിൽ പാത്തുവിന്റെ പരദൂഷണ വിഭവങ്ങൾ ഒരിക്കലെങ്കിലും രുചിച്ചുനോക്കാത്ത ഒരു കുടുംബവും ഇനി ബാക്കിയില്ല. അങ്ങനെയിരിക്കെ പുതിയ പരദൂഷണ വിഭവത്തിനുള്ള ചേരുവകൾ തേടി നമ്മുടെ പാത്തു നബീസയുടെ വീട്ടിലെത്തി.

നബിസ: അള്ളാ....ആരാപ്പത്? പാത്ത്വോ? ബരീം ഇരിക്കീം എന്തൊക്കെയുണ്ട് വിസേസം?

പാത്തു : ഓ സുഖം തന്നെ! അല്ല നബീസ്വോ ഇജ്ജ് സിദ്ധമ്മാരീം മന്ത്രവാദികളീം ഒക്കെ കാണാൻ പോയീന്നോ? കൊറേ ഏലസും ചരടും ഒക്കെ കൊണ്ടന്നുക്കുണ്ണുന്നൊക്കെ കേട്ടല്ലോ സത്യാണൊ?

നബിസ : കേട്ടത് സത്യം തന്നേണ്

പാത്തു : അനക്കെന്തിനാ ഇപ്പോ ഏലസും മന്ത്രവുമൊക്കെ?

നബീസ: അതേയ് സത്രുദോഷം മാറ്റാനാ...

പാത്തു : അയിനാരാ ഇപ്പോ അന്റെ ഇത്ര വലിയ സത്രു?

നബീസ : ആ ആയിശാനെ അനക്കറിയോ? കഴിഞ്ഞ വല്ല്യ പെരുന്നാളിന് ഞാൻ പായസം വെച്ചപ്പൊ, ഓൾ പഞ്ചാരക്ക് പകരം ഉപ്പിട്ട് എന്റെ കജ്ജില് തന്നു. മ്മള് പോലും കുടിച്ചാതെ കെട്ടിയോന് പായസം കൊണ്ടോയി കൊടുത്തപ്പൊ പായസത്തില് ഉപ്പാടി ഇബ്‌ലീസെ ഇട്ടിക്കണെ... ന്നും പറഞ്ഞ് കെട്ടിയോന്റേക്കന്ന് കിട്ടിയ കൊട്ടിന്റെ വേദന ഇപ്പോളും മാറീട്ടില്ല. അതോണ്ടെന്തായി? എളകിയ ഒരു പല്ല് പോയിക്കിട്ടി.

പാത്തു : പടച്ചോനെ....ഇന്നിട്ടൊ?

നബിസ : അതിന്റെ ദേസ്യം ഞമ്മക്കോളോട് നല്ലോണംണ്ട്. ടീവീലാ ഞമ്മളീ മന്ത്രവാദീന്റെ പരസ്യം കണ്ടത്. ഏത് ജാതിക്കാർക്കും ചെല്ലാൻ പറ്റുത്രെ. അയാളെ മന്ത്രം കൊണ്ട് ഫലം നേടിയ കുറേ മൻസൻമാരീം ടീവീൽ കാട്ടിയിരുന്നു. പിന്നൊന്നും നോക്കിയില്ല കെട്ടിയോനോട് ഇമ്മാനെ കാണാനുന്നും പറഞ്ഞ് ബെല്ലെ മുങ്ങി.

പാത്തു :ഹാ അതു കൊള്ളാലോ ഇന്നിട്ടൊ?

നബിസ : പാത്ത്വോ അന്നോട് പറയാ ...ഒരു റൂം അതിന്റെ ഉള്ളില് നെറച്ച് വെള്ളവും പൂവും പ്രതിമാളൊക്കെണ്ട്. അതിന്റെ നടൂല് അയാളിങ്ങനെ കണ്ണ് ചിമ്മി ഇരിക്കാ..എന്നിട്ട് എന്നോട് പറഞ്ഞു: കടന്നുവരൂ...ഇരിക്കൂ.. അങ്ങനെ ഞമ്മളൊരു പലകമ്മെ കുത്തിര്ന്ന്. ഇന്റെ മുന്നില് അടുപ്പ് പോലെ തിജ്ജ് കത്ത്ണ ഒരു സാധനം ഉണ്ടായിരുന്നു. അയാൾ കൊറേ മന്ത്രങ്ങളൊക്കെ ചൊല്ലി ഒരു പൊടി അതിൽക്കിടും അപ്പോ തിജ്ജ് ആളിക്കത്തും. അതൊന്ന് കാണണം ന്റെ പാത്ത്വോ...

പാത്തു: ഇന്നാ നബീസ്വോ ഇജ്ജാ മന്ത്രം ഞമ്മക്കും ഒന്ന് പഠിപ്പിച്ച് തര്വോണ്ടുട്ടോ...ഇനി മുതൽ അടുപ്പ് കത്താത്തുമ്പൊ അതേ മന്ത്രം ചൊല്ലി പൊടിയിട്ടാ പോരേ? ബെർതെ എന്തിനാ നമ്മള് കെടന്ന് എടങ്ങേറാവുന്നെ?

നബീസ : ഉം പിന്നേ...ഞമ്മളൊക്കെ ചെന്ന് പൊടിയിട്ടാ ഇപ്പൊ തിജ്ജ് കത്തും. മന്ത്രവാദിയാള് ഇട്ടാ മാത്രേ മൻസത്തിയേ കത്ത്വോള്ളൂ.

പാത്തു : ഓ അത് ഞമ്മക്കറീലായ്ന്നുട്ടൊ. ഇന്നിട്ട് ഇജ്ജ് ബാക്കി പറേ....

നബീസ : അയാളെ ശരീരത്തില് ഒരു തുള്ളി സ്ഥലം ബാക്കിയില്ലാന്ന് തോന്നുന്നു. എല്ലാടത്തുണ്ട് കൊറേ എലസാളും ചരടാളും. അയാളെ നെറ്റിമ്മീം ശരീരത്തിലൊക്കെ വെള്ള പൊടിയോണ്ട് ബല്ല്യെ വരാള് ഇങ്ങനെ വരച്ച് വെച്ച്ക്ക്ണു.

പാത്തു : പൊട്ടത്തിയേ...അത് ഭസ്മാണ്...
നബീസ: അതെ...അതെന്നെ... ഇന്നിട്ട് അയാള് എന്നോട് ഒരു ചോദ്യം 'നബീസ എന്നാണല്ലേ പേര്'ഞമ്മളപ്പാകെ ഞെട്ടിപ്പോയി. ഇന്നിട്ട് എന്നോട് പരാതി ബോധിപ്പിക്കാൻ പറഞ്ഞു. ഞാനിണ്ടായതൊക്കെ അയാളോട് പറഞ്ഞു.

ഇന്നട്ടയാള് കൊറേ മന്ത്രങ്ങളൊക്കെ ചൊല്ലി കൊറേ ഏലസും ചരടുമൊക്കെ തന്നു. പിന്നെയ് ഒരു തകിട് തന്നു. അത് ശത്രുന്റെ വീടിന്റെ ഭാഗത്തേക്കുള്ള തെങ്ങിന്റെ ചോട്ടിൽ മൂപ്പര് പറഞ്ഞുതന്ന മന്ത്രം ചൊല്ലി കുഴിച്ചിടാനും പറഞ്ഞു. ഒരു മാസം കഴിയണത് വരെ അതിന്റെ മേലേക്ക് തേങ്ങ ഒന്നും വുകാനും പറ്റൂലാന്ന് പറഞ്ഞു. വുണാ മന്ത്രത്തിന്റെ ഫലം പോവുത്രെ!
ഞമ്മളാ മന്ത്രവാദി പറഞ്ഞപോലൊക്കെ ചെയ്ത്, ഇന്നിട്ട് അന്നോട് പറയാ പാത്തോ...



പാത്തു: ഏ എന്തോണ്ടായി?
നബീസ: എന്ത്ണ്ടാവാൻ, അവസാനം കട്ടകാലത്തിന് കൊട്ടകയിലിൽ കുടുങ്ങി...എന്ന് പറഞ്ഞപോലായി. ഏലസും ചരടുമൊക്കെ കെട്ടി തകിട് കുഴിച്ചിട്ട് ഒരാഴ്ച കഴിഞ്ഞപ്പോ പണ്ടാരടങ്ങാനായിട്ട് ഒരു കൊട്ടത്തേങ്ങ അയിമക്കെന്നെ ബുഗ്ഗ്ലും ചെയ്തു. അയിനാലെ ഫലോം പോയി. ഞമ്മളെ പൈസീം പോയി. എത്രേങ്ങാനും പൈസേന്നറിയോ ഞമ്മളാ മന്ത്രവാദിക്ക് എണ്ണികൊടുത്തത്!...ഇപ്പൊ കടിച്ചതുല്ല, പുടിച്ചതുല്ലാന്ന് പറഞ്ഞപോലായി.
പാത്തു : ന്റെ റബ്ബേ വല്ലാത്ത ജാതി ബല്ല്യടങ്ങേറെന്നെ!
നബീസ : അതൊക്കെ പോട്ടേന്ന് വെക്കാം. ഞമ്മളീ മന്ത്രവാദീന്റ്ത്ത് പോയ കാര്യം ന്റെ കെട്ടിയോൻ അറിഞ്ഞപ്പൊ ഞമ്മള് പടച്ചോനീം പരലോകോം ഒപ്പം കണ്ടൂന്റെ പാത്തോ..
പാത്തു: ഏ എന്തോണ്ടായി നല്ല കൊട്ട് കിട്ടിയോ?
നബീസ : മൂപ്പര് ആ ചരടും ഏലസൊക്കെ അടുപ്പിലിട്ട് കത്തിച്ചു. ഇന്നിട്ട് ഒരു ബല്ല്യ മടക്കനീം എടുത്ത് ന്നെ തല്ലാൻ വന്നു. അള്ളാ...അന്നോട് പറയാ...തല്ല് കൊള്ളാതിരിക്കാൻ എത്ര വട്ടാ ഞമ്മളീ പെരന്റെ ചുറ്റോറം ഓടീത്ന്നറിയോ? അവസാനം കൊയങ്ങിയപ്പൊ മൂപ്പരെ കയ്യി കിട്ടി. പിന്നെ ഒരു തല്ല് കിട്ടിയത് മാത്രം ഇച്ച് ഓർമ്മണ്ട്. അപ്പോ എത്രങ്ങാനും നക്ഷത്രങ്ങളേയ്ന്നൂന്നറിയോ എന്റെ ചുറ്റോറം.
അതോണ്ടിപ്പൊ എന്തായി ഇനി പുജീം മാണ്ടാ....മന്ത്രവാദീം മാണ്ടാ...മന്ത്രോം മാണ്ടാ...
പാത്തു : ഹഹ നല്ല കഥ. കെട്ടിയോന്റേക്കന്ന് രണ്ട് കൊട്ട് കിട്ടിയപ്പോളെങ്കിലും അനക്ക് ഓലെ തട്ടിപ്പ് മനസിലായല്ലോ? ഇജ്ജല്ലാതെ ആരേലും ഇമ്മാരി അന്ധവിശ്വാസങ്ങൾക്കും തട്ടിപ്പിനും പിന്നാലെ പോകോ ബലാലെ...
നബീസ: തെറ്റ് പറ്റിപ്പോയി. ഇപ്പോ മ്മക്ക് എല്ലാം മനസ്സിലായി. പിന്നെ പാത്തോ ഇജ്ജ് ഇനി ഇത് ആരോടും പോയി പറേര്ത്ട്ടോ. ഞമ്മളെ മാനം പോവും.
പാത്തു: പറയാനൊ? ഞമ്മളൊ? എന്ത് വർത്താനാ ജ്ജീ പറീണത്? ഇന്നാ ശരി മ്മള് പോട്ടേ ട്ടൊ.
നബീസ: നിക്കീം ചായകുടിച്ചിട്ട് പോവാ!
പാത്തു : മാണ്ട, ഇനിമ്മളെ ഖദീജാന്റെ പെരീക്കൊന്ന് പോകണം. ചായ കുടിച്ചാൻ നിന്നാ ഒക്കെ മറക്കും.
നബീസ: മറക്കാനൊ? എന്ത്?
പാത്തു: ഹേയ് ഒന്നൂല്ല...ന്നാ മ്മള് പോട്ടെ ട്ടോ.
പിന്നെ..പറഞ്ഞുപരത്താൻ ഉഗ്രൻ പുതിയൊരു വിഷയം കിട്ടിയാൽ പാത്തുവുണ്ടോ അത് നാട്ടിൽ പാട്ടാക്കാതിരിക്കുന്നു? കേട്ടതിൽ തന്റെ വക എരിവും പുളിവും ചേർത്ത് പറഞ്ഞ് പരത്താൻ അവൾ ഇന്നേവരെ മറന്നിട്ടില്ല. ആ പതിവ് ഇവിടെയും തെറ്റിച്ചില്ല. മൂഷികസ്ത്രീ എന്നും മൂഷികസ്ത്രീ തന്നെ.


# ലോറി

വീതി കുറവാണെങ്കിലും നാഷണൽ ഹൈവേ പോലെ മിനുമിനുത്ത റോഡ്. കടകമ്പോളങ്ങളെയും എസ്റ്റേറ്റുകളെയും ഇടക്കിടെ ചെറുകുടിലുകൾ തിങ്ങിനിറഞ്ഞ കോളനികളെയുമൊക്കെ പിന്നിലേക്ക് ആഞ്ഞുതള്ളിക്കൊണ്ട് ലോറി ഒരുവണ്ടിനെപ്പോലെ മൂളിപ്പറന്നുകൊണ്ടിരിക്കുകയാണ്. മഴക്കാറില്ലാത്ത ആകാശത്തിനു കീഴിൽ ഇറക്കങ്ങളും കയറ്റങ്ങളും അനായാസം കീഴടങ്ങുന്നത് കണ്ട ക്ലീനർ സുരേഷ് ചുമ്മാ ഒരു മൂളിപ്പാട്ടുപാടി...

പാട്ടു കേട്ടെങ്കിലും ചാക്കോയുടെ മുഖത്ത് ഒരു ഭാവമാറ്റവും കാണപ്പെട്ടില്ല. ചാക്കോ അങ്ങനെയൊരു സാധനമാണ്. വണ്ടിയോടിക്കുമ്പോൾ ചാക്കോയുടെ കണ്ണും മനസ്സും റോഡിൽ നിന്നെടുക്കാറേയില്ല. സുരേഷിന് അതറിയാം. ആയതിനാൽ അവൻ അധികമൊന്നും മിണ്ടാറില്ല.

അപൂർവമായി മിണ്ടാറുള്ള ചാക്കോയോട് ക്ലീനർ സുരേഷ് വല്ലപ്പോഴും ചോദിച്ചുകൊണ്ടിരുന്നു. ഇത് ഏതാ ചാക്കോച്ചാ സ്ഥലം?

ആ..എന്ന ഉപേക്ഷാ സ്വരം മാത്രമായിരിക്കും പലപ്പോഴും മറുപടി. തുടങ്ങുന്ന സ്ഥലവും എത്തേണ്ട സ്ഥലവും മാത്രമേ ചാക്കോച്ചൻ



ഡ്രൈവറുടെ മനസ്സിലുണ്ടായിരിക്കു...അപ്പോഴാണ് ചാക്കോച്ചന്റെ പ്രതീക്ഷയെ മറികടന്ന്കൊണ്ട് ഒരു വലിയ കാറ്റ് വീശിയത്. ചാക്കോച്ചൻ എന്തൊക്കെയോ പിറുപിറുക്കുന്നത് സുരേഷ് ഇടംകണ്ണിട്ടു കണ്ടു. ചെറുമഴത്തുള്ളികൾ ലോറിയുടെ മുൻഗ്ലാസ്സിൽ വന്നിടിക്കാൻ തുടങ്ങിയിരുന്നു.

ടാർപ്പായിടണോ ചാക്കോച്ചാ? അവൻ ചോദിച്ചു

അതും ചാക്കോച്ചൻ കേട്ടില്ല അഥവാ കേട്ടെങ്കിലും അയാൾ മിണ്ടിയില്ല. പല്ലുകടിച്ചുകൊണ്ടാണയാൾ ആക്സിലറേറ്ററിൽ ചവിട്ടിയിരിക്കുന്നതെന്ന് അവന് തോന്നി.

വണ്ടി ഒരു പാടത്തിന്റെ മധ്യരേഖയിലൂടെയുള്ള പാതയിലൂടെ പാഞ്ഞുപോകവേ...

റോഡുവശത്തെ ടാറിൻമേലേക്ക് ലേശം കടന്നു നിന്നിരുന്ന ഒരു തള്ളപട്ടിയെ ലോറി തട്ടി. സ്റ്റിയറിംഗിൽ ഒരി ഡിഗ്രി തിരിച്ചെങ്കിൽ അതൊഴിവാക്കാമായിരുന്നു. പട്ടി ഏതോ ഒരു സ്വരാക്ഷരത്തിനുള്ളിൽ എല്ലാം ഒതുക്കി. പാടശേഖരം കഴിഞ്ഞ് പ്രധാനപാതയിലെത്തിയപ്പോൾ തലപുറത്തിട്ട് സുരേഷ് തിരിഞ്ഞുനോക്കി.

ചത്തോ ഭഗവാനേ...അവൻ മന്ത്രിച്ചു. ചാക്കോ അതു കേട്ടില്ല...ഒന്നും മിണ്ടിയതുമില്ല. എന്നാൽ ചാക്കോച്ചന്റെ സ്വിച്ചുകളില്ലാത്ത മൊബൈൽ മിണ്ടി. അയാളതിനെ ചെവിയോട് ചേർത്തുപിടിച്ചു. ങേ....ഈശോയേ...

ഞെട്ടലോടെ അയാൾ ഫോണിനോട് ചോദിച്ചു. വെട്ടേറ്റ മാതിരി ലോറി നിശ്ചലം നിന്നു. ചാക്കോച്ചൻ വിയർത്തൊഴുകാൻ തുടങ്ങി. ചാക്കോച്ചാ...ചാക്കോച്ചാ...എന്താണ്ടായേ? അയാളുടെ ചുമലിൽ തട്ടി സുരേഷ് പരവേശപ്പെട്ടു. ഒന്ന് രണ്ട് നിമിഷം കഴിഞ്ഞ് ചാക്കോച്ചൻ ഒരു തേങ്ങലോടെ പുലമ്പി. അമ്മച്ചീനെ ഏതോ വട്ടി തട്ടിയെടാ....മെഡിക്കലിലോട്ടു കൊണ്ടുപോവാണു പോലും.....

സനേഷ് പി.

# വിൽക്കാനുണ്ട് വാർത്തകൾ...

‘കൊടിയ ദുരന്തത്തിന്റെ വേദന അനുഭവിക്കുന്നവർക്ക് വേണ്ട സഹായം ചെയ്യുകയെന്ന മനുഷ്യത്വപരമായ നിലപാട് സ്വീകരിക്കാതെ അവയെല്ലാം ധൃതിയിൽ ക്യാമറക്കണ്ണുകൾ കൊണ്ട് ഒപ്പിയെടുക്കാൻ മത്സരിക്കുകയാണ് ഇന്നത്തെ മാധ്യമസമൂഹം. വാർത്തകൾ സമ്പാദിക്കുന്നതിന് ഏതു മാർഗ്ഗവും സ്വീകരിക്കാൻ മാധ്യമസമൂഹം ഇന്ന് സന്നദ്ധമാകുന്നു.’

സമൂഹത്തിന്റെ പുരോഗതിയിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. ജനങ്ങളുടെ പക്ഷത്ത് നിന്ന് ശബ്ദിക്കാനും അവരുടെ ജീവിതപുരോഗതിക്ക് വേണ്ടി യത്നിക്കാനുമാണ് മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ടത്. കൂണുകൾ പോലെ മുളച്ചുപൊന്തുന്ന ചാനലുകൾക്ക് സമൂഹം ദൃക്സാക്ഷിത്വം വഹിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. വാർത്തകളും ഇതര സൃഷ്ടികൗതുകങ്ങളും സൃഷ്ടിക്കുന്നതിന് വേണ്ടി ചാനലുകൾ മത്സരബുദ്ധിയോടെ മുന്നോട്ട് കുതിക്കുന്നു. എന്നാൽ ദുരന്തങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും വാർത്തകൾ മാത്രമായി കാണുന്ന പ്രവണത ഇവിടെ വർദ്ധിച്ചുവരുന്നുണ്ട്. ഏതു പ്രശ്നവും വിൽപ്പനക്കുള്ള ഉൽപന്നമായി കാണുന്ന മാധ്യമങ്ങൾ യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്ന് പലപ്പോഴും അകന്നുപോവുകയാണ്. മാധ്യമങ്ങൾ സമൂഹത്തിന്റെ കണ്ണാടിയാവണം ജനാധിപത്യ ബോധത്തോടെ വാർത്തകളെ സമീപിക്കണം എന്ന നിലപാട് കാറ്റിൽപ്പറത്തിയാണ് പല ചാനലുകളും പ്രവർത്തിക്കുന്നത്. കടലുണ്ടിപ്പുഴയോരത്ത് നടന്ന രക്ഷാപ്രവർത്തനവും അതിന്റെ മഹത്വവുമെല്ലാം നാം മനസ്സിലാക്കിയത് മാധ്യമങ്ങളുടെ സഹായത്താലാണ്.

കൊടിയ ദുരന്തത്തിന്റെ വേദന അനുഭവിക്കുന്നവർക്ക് വേണ്ട സഹായം ചെയ്യുകയെന്ന മനുഷ്യത്വപരമായ നിലപാട് സ്വീകരിക്കാതെ അവയെല്ലാം ധൃതിയിൽ ക്യാമറക്കണ്ണുകൾ കൊണ്ട് ഒപ്പിയെടുക്കുന്നവരെയാണ് ഇന്ന് കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് ഒരു ഭ്രാന്തൻ സാധുവായ ഒരു മനുഷ്യനെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നത് തത്സമയം നമ്മൾ വാർത്താചാനലിൽ പലപ്പോഴും കണ്ടത്. എന്നാൽ അതേസമയം അത് കണ്ട് നിന്നവരോ ക്യാമറക്കാരനോ ആസ്വദിച്ചിരുന്ന പ്രേക്ഷകരോ അയാളെ രക്ഷിക്കാൻ ശ്രമിച്ചില്ല എന്നതാണ് സത്യം. കൂടാതെ ആ ചാനലിന് ജനശ്രദ്ധ പിടിച്ച്പറ്റിയ ചാനലായി മാറാൻ ഈ സംഭവത്തോടെ കഴിയുകയും ചെയ്തു. ആസ്വാദകരിൽ ആകാംക്ഷ ജനിപ്പിക്കുന്നതിനും അതുവഴി പ്രേക്ഷകരെ സമ്പാദിക്കാനും ഇതിലും നല്ല മാർഗമില്ല.

മനുഷ്യന്റെ വേദനകളെയും നിസ്സഹായതകളെയും ദുരന്തങ്ങളെയും ആഘോഷങ്ങളാക്കി മാറ്റുകയാണ് ദൃശ്യമാധ്യമങ്ങൾ ചെയ്യുന്നത് എന്ന അഭിപ്രായം ഒരു പരിധി വരെ ശരിയാണ്. വാർത്തകൾക്കുവേണ്ടി വാർത്തകൾ സൃഷ്ടിച്ചും തമസ്ക്കരിച്ചും ചിത്രീകരിക്കുക എന്ന സംസ്ക്കാരത്തിലേക്ക് തരംതാഴുന്ന പ്രകൃതം കാലങ്ങളായി നിലനിന്നുപോന്ന പത്രധർമ്മത്തിന് നേർ വിപരീതമാണ്. തത്സമയ റിപ്പോർട്ടുകളുടെ പേരിൽ ഓരോ ചാനലുകളും കാണിക്കുന്ന വെപ്രാളം കണ്ടാൽ ദുരന്തമുണ്ടാവാൻ അവർ കാത്തിരിക്കുന്ന പോലെ തോന്നും. ഇതിന് ഉത്തമ ഉദാഹരണമാണ് ദിലീപ് നായകനായ സ്വന്തം ലേഖകൻ ‘സ്വലേ’ എന്ന സിനിമ മനുഷ്യനുണ്ടാക്കുന്ന വേദനകളെയും ദുരന്തങ്ങളെയും അർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കുന്നവർ വിരളമാണ്. ‘ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ’ കാണാൻ നല്ല രസം എന്ന ചൊല്ല് ഓർമ്മ വരുന്ന തരത്തിലാണ് പല മാധ്യമപ്രവർത്തകരുടെയും ആവേശം. കച്ചവട താൽപര്യങ്ങളാണ് മാധ്യമങ്ങളെ ഭരിക്കുന്നത്. കടുത്ത മത്സരമാണ് മാധ്യമങ്ങൾക്കിടയിൽ നിലനിൽക്കുന്നത്. ലാഭം വർദ്ധിപ്പിക്കാനുള്ള പരക്കംപാച്ചിലിൽ മാധ്യമധർമ്മങ്ങൾ പലതും വിസ്മരിക്കുന്നു. ക്രിയാത്മകമായി ഇടപെടുന്ന മാധ്യമപ്രവർത്തനം മാത്രമെ സമൂഹത്തിന് പ്രയോജനം ചെയ്യുന്നുള്ളുവെന്നതാണ് വാസ്തവം. അനാരോഗ്യപരമായ മാധ്യമസംസ്കാരം സമൂഹത്തെ തെറ്റായ പാതയിലേക്ക് നയിക്കും. മനുഷ്യജീവനു പോലും വിലകൽപ്പിക്കാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ ഉപേക്ഷിക്കാനും മുൻഗാമികൾ വളർത്തിക്കൊണ്ടു വന്ന ശക്തിയായ പത്രധർമ്മസംസ്കാരത്തെ തിരികെ കൊണ്ടുവരാനും മാധ്യമങ്ങൾ തന്നെ മുൻകയ്യെടുക്കണം.